# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2300

19.06.2013 ൽ ഇടക്കാല മറുപടി നൽകിയതിന്റെ സമ്പൂർണ്ണ മറുപടി

**ആരോഗ്യ വകുപ്പിന്റെ പരിഷ്കരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ വകുപ്പിനെ കാലോചിതമായി പരിഷ്കരിക്കുന്നതിനു വേണ്ടി നിലവിൽ എന്തെല്ലാം പദ്ധതികളാണ് ഉള്ളത് എന്നറിയിക്കുമോ; | (എ) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ സേവനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി ധാരാളം പദ്ധതികൾ നടപ്പിലാക്കി വരുന്നു. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ ഇല്ലാത്ത എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഓരോ പുതിയ പി.എച്ച്.സി.കൾ തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു തുടങ്ങി. ആരോഗ്യവകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ സ്പെഷ്യാലിറ്റി കേഡർ സംവിധാനം ഏർപ്പെടുത്തി. കാലത്തിന്റെ ആവശ്യകത അനുസരിച്ച് നൂതന ചികിൽസയ്ക്കും പരിശോധനയ്ക്കുമുള്ള സംവിധാനങ്ങൾ ആശുപത്രികളിൽ നടപ്പിലാക്കിവരുന്നു. എല്ലാ ജില്ലാ / ജനറൽ ആശുപത്രികളോടും ചേർന്ന് സി.റ്റി. സ്കാൻ സംവിധാനം ഏർപ്പെടുത്തിത്തുടങ്ങി. ജില്ലാ ആശുപത്രികളോട് ചേർന്ന് ഡയാലിസിസ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു. ജില്ലാ ആശുപത്രികളോടനുബന്ധിച്ച് ലഹരി വിമോചന ചികിൽസാ കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ജില്ലാ ആശുപത്രികളോടു ചേർന്ന് കാൻസർ കെയർ സെന്റർ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. ഒരു റവന്യൂ ബ്ലോക്കിൽ ഒരു ആശുപത്രി തെരഞ്ഞെടുത്ത് എല്ലാ മേജർ സ്പെഷ്യാലിറ്റി സർവ്വീസുകളോടും കൂടി വികസിപ്പിച്ചെടുക്കുന്ന പദ്ധതി പരിഗണനയിലാണ്. പൊതുജനങ്ങൾക്ക് പരമാവധി സേവനം ലഭ്യമാക്കുന്നതിനുവേണ്ടി ആരോഗ്യ വകുപ്പിൽ 1685 അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മികച്ച സേവനം ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പിലെ ജീവനക്കാർക്ക് മതിയായ പരിശീലനം നൽകുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) | ആരോഗ്യ വകുപ്പിലെ ജീവനക്കാർക്ക് കാലാനുസൃതമായി അവരവരുടെ മേഖലകളിൽ പരിശീലനം നൽകുന്നതിന് വേണ്ടി തിരുവനന്തപുരത്ത് ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിട്ടുണ്ട്. എല്ലാ വിഭാഗം ജീവനക്കാർക്കും അവരവരുടെ മേഖലകളിലും ഭരണ നിർവ്വഹണത്തിലും സമഗ്രമായ പരിശീലന പരിപാടികൾ നടത്തി വരുന്നു. ഇതിലേക്കായി 2012--13 ലും, 2013–14 ലും 200 ലക്ഷം രൂപ വീതം വകയിരുത്തിയിട്ടുണ്ട്. ഇത് കൂടാതെ എല്ലാ വിഭാഗം ജീവനക്കാർക്കും ഐ.എം.ജി. യിലും ഹൈദ്രാബാദിലുള്ള അക്കാഡമിക് സ്റ്റാഫ് കോളേജ് ഓഫ് ഇന്ത്യയിലും, ഡൽഹിയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയറിലും ഡൽഹിയിലുള്ള നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോളിലും കാലാകാലങ്ങളിൽ സമഗ്രമായ പരിശീലന പരിപാടികൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ